## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 46** — **07-10-2024 - ൽ മറുപടിയ്ക്ക്**

### ഫോറൻസിക് ലാബുകളിലെ രാസപരിശോധനാ കാലതാമസം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. വി. ആർ. സുനിൽകുമാർ</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഫോറൻസിക് ലാബുകളിൽ ഓരോന്നിലും രാസപരിശോധനാ ഫലം ലഭിക്കുന്നതിനായി എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;</td><td>(എ)</td><td>2024 ഓഗസ്റ്റ് വരെയുള്ള കണക്ക് പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ഫോറൻസിക് ലാബുകളിൽ രാസപരിശോധനാ ഫലം നൽകുന്നതിനായുള്ള കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പേര്</th><th>കേസുകളുടെ എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി</td><td>13154</td></tr>
<tr><td>2</td><td>തിരുവനന്തപുരം ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറി</td><td>718</td></tr>
<tr><td>3</td><td>കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി</td><td>3256</td></tr>
<tr><td>4</td><td>എറണാകുളം ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറി</td><td>469</td></tr>
<tr><td>5</td><td>കോഴിക്കോട് ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറി</td><td>236</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത ലാബുകളിൽ ഓരോന്നിലും പ്രതിദിനം എത്ര സാമ്പിളുകൾ പരിശോധിക്കുവാനുള്ള സൗകര്യം നിലവിലുണ്ടെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>പ്രസ്തുത ലാബുകളിൽ നിലവിലെ സാഹചര്യത്തിൽ പ്രതിദിനം പരമാവധി സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>കാലതാമസം കൂടാതെ രാസപരിശോധനാഫലം നൽകുന്നതിനായി പ്രസ്തുത ലാബുകളിൽ</td><td>(സി)</td><td>ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ നവീകരിച്ച് കാര്യക്ഷമമാക്കുന്നതിന്</td></tr>
</table>

| | | | |
|---|---|---|---|
| | ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദവിവരം അറിയിക്കാമോ? | | സംസ്ഥാന പദ്ധതി വിഹിതം, MoPF സ്കീം എന്നിവ മുഖേന ഫണ്ട് വകയിരുത്തി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2023-24 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതം മുഖേന 249.46 ലക്ഷം രൂപ സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയ്ക്ക് ആവശ്യമായ കെമിക്കൽസ് വിവിധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി അനുവദിച്ചിട്ടുള്ളതാണ്. (GO(Rt) No. 1948/2023/HOME Dated : 15-07-2023).<br><br>2024-25 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതം മുഖേന 'Upgradation of Scientific Investigation Facilities' എന്ന സ്കീമിൽ ഉൾപ്പെടുത്തി 270.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 122 ലക്ഷം രൂപയുടെ കെമിക്കൽസ്, ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുള്ളതാണ്. (GO(Rt)No.2579/2024/HOME Dated : 03-09-2024).<br><br>2024-25 വർഷത്തെ MoPF സ്കീം മുഖേന 320 ലക്ഷം രൂപ അനുവദിക്കുന്നതിനായി 31-08-2024-ലെ GO (Rt) No. 2537/2024/HOME പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2025-26 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനങ്ങൾക്കായി 441 ലക്ഷം രൂപയുടെ പദ്ധതികൾക്കാവശ്യമായ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ രാജ്യത്തെ ഫോറൻസിക് സയൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 'സ്കീം ഫോർ മോഡണൈസേഷൻ ഓഫ് ഫോറൻസിക് സയൻസ് കപ്പാസിറ്റീസ്' (SMFC) എന്ന പേരിൽ ഒരു പുതിയ സ്കീം ആവിഷ്കരിക്കുകയും പ്രസ്തുത സ്കീം മുഖേന 2024-25-ൽ 604.821 ലക്ഷം രൂപയുടെ സംസ്ഥാനത്തെ സ്റ്റേറ്റ് റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ വിവിധ ഡിവിഷനുകൾ മെച്ചപ്പെടുത്തുന്നതിനായി അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത സ്കീം മുഖേന സ്റ്റേറ്റ് FSL-നും ജില്ലകൾക്കുമായി 19 മൊബൈൽ ഫോറൻസിക് വാൻ വാങ്ങുന്നതിന് 1235.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>04.04.2023- തീയതിയിലെ GO(Rt)No.911/2023/HOME പ്രകാരം 28 സയന്റിഫിക് ഓഫീസർമാരുടെ തസ്തികൾ സൃഷ്ടിച്ചു. |

സെക്ഷൻ ഓഫീസർ